**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5059** **20-03-2025 - ൽ മറുപടിയ്ക്ക്**

**നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് ചിത്രീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് ചിത്രീകരിക്കാൻ കണ്ണൂർ കളക്ടറേറ്റിൽ നിന്നും ക്യാമറാമാനെ ഏർപ്പാടാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് ചിത്രീകരിക്കാൻ കണ്ണൂർ കളക്ടറേറ്റിൽ നിന്നും ആരെയും ചുമതലപ്പെടുത്തിയിരുന്നില്ല. |
| (ബി) | നവീൻ ബാബുവിന്റെ യാത്രയയപ്പ് പരിപാടി ചിത്രീകരിക്കാൻ പി.പി.ദിവ്യ ആവശ്യപ്പെട്ടുവെന്നും ചിത്രീകരിച്ച ദൃശ്യങ്ങൾ കൈപ്പറ്റിയെന്നും പ്രാദേശിക ചാനലായ കണ്ണൂർവിഷൻ പ്രതിനിധികൾ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർക്ക് മൊഴിനൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>ഇപ്രകാരം നൽകിയ മൊഴി ജോയിന്റ് കമ്മീഷണർ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | റവന്യൂ വകുപ്പിന്റെ പരിപാടിയിൽ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ക്ഷണിക്കാതെ കയറി വന്ന് പരിപാടി ചിത്രീകരിക്കാൻ നടപടി സ്വീകരിച്ചത് നിയമവിരുദ്ധമല്ലേ എന്ന ആക്ഷേപം സംബന്ധിച്ച് വ്യക്തമാക്കുമോ? | (സി) | കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ യാത്രയയപ്പ് അനൗദ്യോഗികമായ ചടങ്ങ് മാത്രമായിരുന്നു. |

സെക്ഷൻ ഓഫീസർ